# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

10.07.2014 ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 6954

### വിനോദസഞ്ചാര മേഖലയെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

എ) വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ കുറയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

ബി) വിനോദസഞ്ചാര മേഖലയെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി – പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) & ബി) ഇല്ല. വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വർഷം തോറും വർദ്ധനവാണ് കാണിക്കുന്നത്. 2013 കലണ്ടർ വർഷത്തിൽ 10857811 തദ്ദേശ ടൂറിസ്റ്റുകളും 858143 വിദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശ ടൂറിസ്റ്റുകളിൽ 7.75% വർദ്ധനവും വിദേശ ടൂറിസ്റ്റുകളിൽ 8.12% വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്ത വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ ടൂറിസ്റ്റുകൾ | തദ്ദേശ ടൂറിസ്റ്റുകൾ |
|---|---|---|
| 2011 | 7,32,985 | 93,81,455 |
| 2012 | 7,93,696 | 1,00,76,854 |
| 2013 | 8,58,143 | 1,08,57,811 |

വിനോദസഞ്ചാര മേഖലയിൽ നിന്നും 2013 കലണ്ടർ വർഷത്തിൽ സംസ്ഥാനത്തിന് 22926.55 കോടി രൂപ വരുമാനമുണ്ടായി. ഇതിൽ 5560.77 കോടി രൂപ വിദേശ നാണ്യമായും ലഭിച്ചു. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്ത കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം | വിദേശനാണ്യം |
|---|---|---|
| 2011 | 19037.00 | 4221.99 |
| 2012 | 20430.00 | 4571.69 |
| 2013 | 22926.55 | 5560.77 |

സെക്ഷൻ ഓഫീസർ